സംസ്ഥാന സർക്കാരും സ്വാശ്രയ പ്രൊഫഷണൽ മെഡിക്കൽ കോളേജുകളും തമ്മിൽ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച സുപ്രീം കോടതിയിലെ കേസ്

157 (3719) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരും സ്വാശ്രയ പ്രൊഫഷണൽ മെഡിക്കൽ കോളേജുകളും തമ്മിൽ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച സുപ്രീം കോടതിയിലെ കേസിൽ സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരാക്കുന്ന അഡ്വക്കേറ്റ് ആരാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇദ്ദേഹത്തിന് എത്രയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഫീസിന് പുറമേ മറ്റ് എന്തൊക്കെ ചെലവുകളാണ് സർക്കാർ വഹിക്കേണ്ടതെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാന സർക്കാരിന് എതിരായി ഹൈക്കോടതിയിൽ വിധി എന്നാണ് ഉണ്ടായത് ; വിധിയുടെ ഒരു കോപ്പി ലഭ്യമാക്കാമോ ;

(ഡി) ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ എന്നാണ് അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുമായി സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുമ്പോൾ സംസ്ഥാന സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എത്ര തവണ ചർച്ച നടത്തിയെന്നും പ്രസ്തുത ചർച്ചകളിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ചിട്ടുള്ളത് ആരൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ജി) 2003 ജൂലൈ 7-ന് തിരുവനന്തപുരത്ത് വച്ച് സർക്കാർ മാനേജ്മെന്റുമായി നടത്തിയ ചർച്ചയിൽ ഫീസ് നിരക്കുകളെ സംബന്ധിച്ച് എന്തെങ്കിലും ധാരണ ഉണ്ടായിട്ടുണ്ടോ ;

(എച്ച്) മാനേജ്മെന്റ് ഫീസ് നിരക്ക് എത്രയാണ് ആവശ്യപ്പെട്ടതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിനുവേണ്ടി സീനിയർ അഡ്വക്കേറ്റ് ശ്രീ. കെ. കെ. വേണുഗോപാൽ, സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ. കെ. ആർ. ശശിപ്രഭു എന്നിവരാണ് ഹാജരാകുന്നത്.

(ബി) ഫീസ് നിശ്ചയിച്ചിട്ടില്ല.

(സി) 20-1-2003-ലാണ് വിധിയുണ്ടായത്. കോപ്പി അനുബന്ധമായി വച്ചിരിക്കുന്നു*.

(ഡി) 28-2-2003-ൽ.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) 19-5-2003-ൽ ഹൈക്കോടതി ഉത്തരവ് പ്രകാരം ഫീസ് നിശ്ചയിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള ഫീ ഫിക്സേഷൻ കമ്മിറ്റി ചർച്ച നടത്തുകയുണ്ടായി. ഈ കമ്മിറ്റിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ കൂടാതെ ആരോഗ്യ വകുപ്പ് സെക്രട്ടറി, അഡീഷണൽ ലോ സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രതിനിധി എന്നിവർ അംഗങ്ങളാണ്. 7-7-2003-ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി വിളിച്ചു കൂട്ടിയ ചർച്ചയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് സെക്രട്ടറി എന്നിവർ പങ്കെടുത്തു.

(ജി) ഇല്ല.

(എച്ച്) കോലഞ്ചേരി മെഡിക്കൽ മിഷൻ 3.71 ലക്ഷം രൂപയും കാരക്കോണം മെഡിക്കൽ കോളേജ് 3 ലക്ഷം രൂപയിൽ കുറയാത്ത ഫീസുമാണ് ആവശ്യപ്പെട്ടത്.

സ്വാശ്രയ കോളേജ് പ്രവേശനം സംബന്ധിച്ചുള്ള കേസ്

158 (3720) ശ്രീ. എ. കെ. മണി :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്കക്കാർക്ക് മാത്രം ബാധകമായതും സ്വാശ്രയ കോളേജ് പ്രവേശനം സംബന്ധിച്ചുള്ളതുമായ എന്തെങ്കിലും കേസ് സുപ്രീം കോടയിൽ നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനത്തിൽ മാനേജ്മെന്റിന് എത്ര ശതമാനം സീറ്റ് നൽകാമെന്ന ഓഫറാണ് സംസ്ഥാന ഗവൺമെന്റ് വച്ചത് ;

(ഡി) ഇത് മാനേജുമെന്റുകൾക്ക് സ്വീകാര്യമായിരുന്നുവോ ; ഇപ്പോൾ കർണ്ണാടക സ്വാശ്രയ മാനേജ്മെന്റുകളുടെ അഡ്മിഷൻ സംബന്ധിച്ച അപ്പീൽ കേസിൽ മാനേജുമെന്റുകൾക്ക് 25% സീറ്റ് നൽകിയാൽ മതിയെന്ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ ;

(ഇ) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ കോളേജ് മാനേജ്മെന്റിന് 25% സീറ്റ് മാത്രം നൽകിയാൽ മതിയെന്ന് സുപ്രീം കോടതിയിൽ ഉന്നയിക്കാൻ ഉദ്ദേശമുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ജി) ഈ കേസിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന അഭിഭാഷകൻ ആരെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly